പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 7848 23.07.2012-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

**വിവരാവകാശ കമ്മീഷണർക്കെതിരെ വ്യാജപരാതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) നിലവിൽ മുഖ്യ വിവരാവകാശ കമ്മിഷണറും മുൻ വിജിലൻസ് ഡയറക്ടറുമായിരുന്ന ഉദ്യോഗസ്ഥനെതിരെ വ്യാജ പരാതി നൽകി ഗൂഢാലോചന നടത്തിയവർക്കെതിരെ കേസെടുക്കണമെന്ന കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ എന്നയാൾ തിരുവനന്തപുരം വഞ്ചിയൂർ പോലീസ് സ്റ്റേഷൻ മുമ്പാകെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരത്തിൽ വ്യാജ പരാതി നൽകി ഗൂഢാലോചന നടത്തിവർ ആരെല്ലാം; അവർ പൊലീസിൽ ഏതൊക്കെ പദവികളിലാണ് നിലവിൽ ജോലി ചെയ്യുന്നത്; വിശദമാക്കുമോ; | (ബി) പ്രസ്തുത പരാതിയിൽ എതിർ കക്ഷികളായി പറഞ്ഞിട്ടുള്ളത് (1) ശ്രീ.കെ.കെ. ജോഷ്വാ, അഡ്മിനിസ്ട്രേഷൻ എസ്. പി, വിജിലൻസ് ( Rtd), (2) ശ്രീ. ആർ. എസ്. ജ്യോതി, വിജിലൻസ് ലീഗൽ അഡ്വൈസർ, വിജിലൻസ് ഡയറക്ടറേറ്റ്, (3) ശ്രീ. വി.എസ്. വിനീത് കുമാർ, അഡ്വക്കേറ്റ്, വഞ്ചിയൂർ തിരുവനന്തപുരം എന്നിവരാണ്. |
| (സി) ഇവർക്കെതിരെ ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് എടുത്തിരിക്കുന്നത്; ഏത് പോലിസ് സ്റ്റേഷനിലാണ് പ്രഥമ വിവര റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്; | (സി) വഞ്ചിയൂർ പോലീസ് സ്റ്റേഷൻ Cr. No. 652/2012 u/s 120 (B) 465, 419, 471 and 34 IPC. |
| (ഡി) ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ഉദ്യോഗസ്ഥർതന്നെ വ്യാജപരാതി ഉണ്ടാക്കി ഗൂഢാലോചന നടത്തിയ നടപടി ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ; | (ഡി) & (ഇ) പ്രസ്തുത ആരോപണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ് ഇപ്പോൾ അന്വേഷണത്തിലാണ്. അന്വേഷണത്തിൽ കുറ്റം തെളിഞ്ഞാൽ ശക്തമായ നടപടി സ്വീകരിക്കുന്നതായിരിക്കും. |
| (ഇ) ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ